## വിജയശ്രീ

# ബാലസഭ കുട്ടികളുടെ പെൻസിൽ ക്യാംപെയ്ൻ

കുട്ടികളുടെ കുടുംബശ്രീയാണ് ബാലസഭകൾ. കുട്ടികളുടെ സർവതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനും സാമൂഹിക ബോധമുള്ളവരാക്കുന്നതിനും അവരെ പുനർനിർമാണത്തിനു പങ്കാളികളാക്കുന്നതിനുമുള്ള സംവിധാനമാണു ബാലസഭകൾ. നിലവിൽ 28190 ബാലസഭകളിലായി 416730 കുട്ടികൾ അംഗങ്ങളാണ്.

ആരോഗ്യസുരക്ഷ മുൻനിർത്തി മധ്യവേനൽ അവധിക്കാലത്തു ബാലസഭയിലൂടെ പെൻസിൽ ക്യാംപെയ്ൻ നടത്തിവരുന്നു. കുടുംബശ്രീ, ഹരിതകേരളം മിഷൻ, ആരോഗ്യവകുപ്പ്, കില, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലാണ് ക്യാംപെയ്ൻ നടത്തുന്നത്. 2018ലെ അവധിക്കാലത്തു നടത്തിയ ജാഗ്രതോത്സവത്തിന്റെ തുടർച്ചയായാണ് പെൻസിൽ ക്യാംപെയ്ൻ. ബാലസഭയിൽ അംഗങ്ങളായ കുട്ടികൾക്കു ദ്വിദിന ക്യാംപിലൂടെ പരിസര ശുചിത്വത്തെക്കുറിച്ചും വിവിധ മാലിന്യങ്ങളെക്കുറിച്ചും പ്രകൃതി സൗഹൃദ വസ്തുക്കളെക്കുറിച്ചുമുൾപ്പെടെ ബോധവൽക്കരണം നൽകുന്നു. വാർഡ് തലത്തിൽ ചെയ്യേണ്ടതായ ശുചിത്വ പദ്ധതികളെക്കുറിച്ചും വീടും പരിസരവും പൊതുസ്ഥലവും ശുചിയാക്കുന്നതിനെക്കുറിച്ചുമുള്ള അവബോധവും നൽകുന്നു. ഈ കുട്ടികൾ ഓരോ വീടും സന്ദർശിച്ച് ഈ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ഡെങ്കിപ്പനി പോലുള്ള പകർച്ച വ്യാധികൾ തടയുന്നതിനും പൊതുജനാരോഗ്യ രംഗത്ത് മികച്ച മാതൃക സൃഷ്ടിക്കുന്നതിനും സമൂഹത്തിൽ ബോധവൽക്കരണം നടത്തുന്നതിനും ഈ പ്രവർത്തനം സഹായകരമാകുമെന്നു പ്രതീക്ഷിക്കുന്നു. എല്ലാവരും ഈ പ്രവർത്തനത്തിൽ പങ്കാളികളാകുമെന്നും ബാലസഭാ കുട്ടികൾ വീടുകളിലെത്തുമ്പോൾ ഏവരും സഹകരിക്കുമെന്നും പ്രതീക്ഷിക്കുന്നു. നമുക്കൊരുമിച്ച് ഈ സമൂഹത്തിൽ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി കൂട്ടായ പരിശ്രമത്തിൽ പങ്കാളികളാകാം.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ




**കുടുംബശ്രീ സിഡിഎസിന്റെ നേതൃത്വത്തിൽ നിർധനരായ കുട്ടികൾക്ക് ബാഗും കുടയും പഠനോപകരണങ്ങളും എത്തിച്ചു നൽകുന്ന നൂതന പദ്ധതി.**

# പഠനസഹായം
# ഇനി കുടുംബശ്രീ വഴിയും

പുതിയ അധ്യയന വർഷത്തിൽ പുത്തൻ ബാഗും കുടയും പഠനോപകരണങ്ങളുമായി സ്കൂൾ പടവുകൾ കയറുന്നവരാണ് ഒരു വിഭാഗം വിദ്യാർഥികൾ. എന്നാൽ നരച്ച് മുഷിഞ്ഞ തുളവീണ ബാഗും കുടയും മോശമായ അവസ്ഥയിലുള്ള പഠനോപകരണങ്ങളോഅല്ലെങ്കിൽഇവയൊന്നുംഇല്ലാതെയോ സ്കൂളുകളിലേക്കു പോകേണ്ടിവരുന്ന മറ്റൊരു കൂട്ടം വിദ്യാർഥികളുംഇവിടുണ്ട്. യാതൊരു കേടുപാടുമില്ലെങ്കിലുംഎല്ലാംപുതിയത് കിട്ടിയാലേ സ്കൂളിൽ പോകൂ എന്നു വാശിപിടിക്കുന്ന കുരുന്നുകൾ ഉപേക്ഷിച്ചു കളയുന്ന ബാഗുകളും പഠനോപകരണങ്ങളും മേൽപറഞ്ഞ കുട്ടികൾക്ക് എത്തിച്ചു നൽകാനുള്ള ക്യാംപെയ്ന് കുടുംബശ്രീ തുടക്കമിടുന്നു. അതാണ് സ്നേഹപൂർവം കുടുംബശ്രീ.

കുടുംബശ്രീ സിഡിഎസിന്റെ നേതൃത്വത്തിൽ ബാഗുകളും മറ്റും ശേഖരിച്ച് പുനരുപയോഗ യോഗ്യമാക്കി ആവശ്യക്കാരിലേക്ക് എത്തിക്കുന്ന പ്രവർത്തനമാണ് ഈ ക്യാംപെയ്ൻ വഴി പ്രധാനമായും നടത്തുന്നത്. ഇതു കൂടാതെ നിർധനരായ കുട്ടികളെ ദത്തെടുത്ത് അവർക്കു വേണ്ട സാമ്പത്തിക പിന്തുണയുൾപ്പെടെ നൽകാനുള്ള ശ്രമങ്ങളും വാർഡ് തലത്തിൽ കുടുംബശ്രീ എഡിഎസ് നടത്തും. ഈ അധ്യയന വർഷം ലക്ഷ്യമിട്ട് മേയ് മാസത്തിലാണു കുടുംബശ്രീ ഇങ്ങനെയൊരു പുതിയ പദ്ധതിക്ക് തുടക്കമിടുന്നത്. ജീവകാരുണ്യ സംഘടനയല്ലെങ്കിലും സാമൂഹികവികസന മേഖലയിൽ പല ഇടപെടലുകളും കുടുംബശ്രീ നടത്തിവരുന്നു. ഇതിന്റെ ഭാഗമായാണ് മുന്നിൽ ഇത്തരമൊരു പുതിയ പദ്ധതിക്കു കുടുംബശ്രീസിഡിഎസുകൾനേതൃത്വം നൽകുന്നത്.

സിഡിഎസ് തലത്തിൽ ആവശ്യമെങ്കിൽ ഇതുമായി ബന്ധപ്പെട്ട അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യും. ഇതു കൂടാതെ നിർധനരായ വിദ്യാർഥികളുടെകുടുംബങ്ങളിൽഉപജീവനപ്രവർത്തനങ്ങളിലൂടെ വരുമാന വർധനവിനും പ്രത്യേകമായി ശ്രമിക്കും. സാമ്പത്തികപ്രയാസം മൂലം ഒരു കുട്ടിയുടെയും പഠനം മുടങ്ങാതിരിക്കട്ടെ.

സ്നേഹപൂർവം കുടുംബശ്രീയുടെ ഭാഗമായുള്ള പ്രധാന പ്രവർത്തനങ്ങൾ

1. പുനരുപയോഗിക്കാൻ കഴിയുന്ന സ്കൂൾ ബാഗുകളും ജ്യോമിട്രി ബോക്സുകൾ ഉൾപ്പെടെയുള്ള പഠനോപകരണങ്ങളും ശേഖരിക്കൽ.

2. ബാഗുകൾ കഴുകി വൃത്തിയാക്കലും ആവശ്യക്കാരെ കണ്ടെത്തി വിതരണം ചെയ്യലും.

2. നോട്ട്ബുക്കുകൾ ശേഖരിച്ചു വിതരണം ചെയ്യൽ.

3. പ്രദേശത്തു നിർധനരായ വിദ്യാർഥികളുണ്ടെങ്കിൽ എഡിഎസ് തലത്തിൽ ദത്തെടുക്കൽ.

# ഓട്ടമോട്ടീവ് രംഗത്തും
# വിവിധ കോഴ്സുകൾ പഠിക്കാം

*ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതിവഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സു മുതൽ 35 വയസ്സു വരെ പ്രായമുള്ള യുവജനങ്ങൾക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെടുന്ന ആദിവാസികൾ എന്നിവർക്കു 45 വയസ്സാണ് ഉയർന്ന പ്രായപരിധി.*

ഓട്ടമോട്ടീവ് എന്ന മേഖലയ്ക്കു കീഴിലും നൈപുണ്യ പരിശീലനം നേടാനുള്ള അവസരം പദ്ധതി വഴി നൽകുന്നു. ഓട്ടമോട്ടീവ് സർവീസ് ടെക്നീഷൻ, ബേസിക് ഓട്ടമോട്ടീവ് സർവീസിങ് ഫോർ വീലർ, കസ്റ്റമർ റിലേഷൻഷിപ് എക്സിക്യൂട്ടീവ്, ബേസിക് ഓട്ടമോട്ടീവ് സർവീസിങ് ടൂ വീലർ ആൻഡ് ത്രീ വീലർ, ബേസിക് കാർ സർവീസിങ്, ഷോറൂം ഹോസ്റ്റസ് എന്നീ കോഴ്സുകളിൽ പത്തോളം പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴിയാണ് പദ്ധതി പ്രകാരം പരിശീലനം നൽകുന്നത്. 10,000 രൂപയാണ് ശരാശരി ശമ്പളം. കൂടുതൽ വിവരങ്ങൾക്കു താഴെ പറയുന്ന കോൾ സെന്റർ നമ്പരിൽ വിളിക്കാം- **0484 2959595**

## കുടുംബശ്രീ ഇൻഫോ

### ബാലപാർലമെന്റ് 22 ന്

ജനാധിപത്യ സംവിധാനത്തെക്കുറിച്ച് ബാലസഭ അംഗങ്ങളായ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ നടപ്പിലാക്കുന്ന സംസ്ഥാനതല ബാല പാർലമെന്റ് മേയ് 21, 22 തീയതികളിൽ സംഘടിപ്പിക്കും. ജില്ലാ തലത്തിലുള്ള ബാല പാർലമെന്റുകൾ നടന്നുവരികയാണ്.